ത്രിതലപഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകൾ

147 (1617) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ അധീനതയിൽ എത്ര കിലോമീറ്റർ റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡുകളുടെ ഉടമസ്ഥത സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും തമ്മിലുണ്ടായിരുന്ന തർക്കം പരിഹരിച്ചുവോ ; എങ്കിൽ എന്നാണ് പരിഹരിച്ചത് ;

(സി) മറ്റു ജില്ലാ റോഡുകളുടെയും ഗ്രാമീണ റോഡുകളുടെയും ഉടമസ്ഥാവകാശം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവോ ; എന്നാണ് ഉത്തരവിറക്കിയത് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ത്രിതല പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ നിലവിലുള്ള അവസ്ഥയെന്താണ് ; എത്ര ശതമാനം റോഡുകൾ ഗതാഗത യോഗ്യമാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 4-2-2011-ൽ സ.ഉ.(എംഎസ്.)31/2011/തസ്വഭവ നമ്പർ ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) വിവരം ശേഖരിച്ചുവരുന്നു.

വർക്ക്ഷോപ്പ് കെട്ടിടത്തിന് അനുമതി നൽകാൻ നടപടി

148 (1618) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലാ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 12-ാം മൈലിൽ എല്ലാവിധ നിയമങ്ങളും, ഉത്തരവുകളും പാലിച്ച് പ്രവാസികൾ നിർമ്മിച്ച വർക്ക്ഷോപ്പ് കെട്ടിടത്തിൽ 2-11-2009-ൽ പോപ്പുലർ വർക്ക് ഷോപ്പ് തുടങ്ങിയപ്പോൾ ടി സ്ഥലം നെൽവയൽ ആണെന്ന് പറഞ്ഞ് ലൈസൻസ് കൊടുക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; പ്രസ്തുത കെട്ടിട ഉടമകൾ ആരൊക്കെയാണ് ;

(ബി) ടി വർക്ക്ഷോപ്പ് കെട്ടിടം, സർവ്വീസ് സ്റ്റേഷൻ, പെയിന്റ് ബൂത്ത് എന്നിവ പണിയാൻ പാലാ മുനിസിപ്പാലിറ്റി 24-3-2009-ൽ B.A.188/08/09 പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി കെട്ടിടത്തിന്റെ പണിക്ക് തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനർ C3/1705/2009/D. Dis. പ്രകാരം ലേ ഔട്ട് അംഗീകാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കി വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) മറ്റൊരു കാര്യത്തിനും ഉപയോഗിക്കാൻ പറ്റാത്ത തരത്തിൽ വർക്ക്ഷോപ്പിനായി മാത്രം പണിത കെട്ടിടത്തിൽ, വർക്ക്ഷോപ്പിന് ലൈസൻസ് കൊടുക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഇ) പോപ്പുലർ വെഹിക്കിൾസും ബിൽഡിംഗ് ഉടമസ്ഥരുംകൂടി ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നമ്പർ W(PC) No. 23009 of 2010(A) 19-10-2010 പ്രകാരം കേരള സംസ്ഥാന ഏകജാലക ബോർഡിൽ അപ്പീൽ അപേക്ഷ നൽകിയ പ്രകാരം, ഹിയറിംഗ് നടത്തി ഇറക്കിയ 16437/B3/2010/ID dated 6-12-2010-ലെ ഉത്തരവിൽ എന്താണ് പറയുന്നത് ; ഈ ഉത്തരവ് മുനിസിപ്പാലിറ്റി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) കേരള സംസ്ഥാന ഏകജാലക ബോർഡിന്റെ 15-9-2010-ലെയും 4-11-2010-ലെയും സബ്-കമ്മിറ്റി കൂടിയ മിനിറ്റ്സുകളുടെ കോപ്പികൾ ലഭ്യമാക്കുമോ ; ഈ കമ്മിറ്റികളിൽ LSGD സെക്രട്ടറിയും, പാലാ മുനിസിപ്പാലിറ്റി സെക്രട്ടറിയും പങ്കെടുത്തിട്ടുണ്ടോ ;

(ജി) ടി വർക്ക്ഷോപ്പിന് ലൈസൻസ് കൊടുക്കണമെന്നു പറഞ്ഞുള്ള കേരള സംസ്ഥാന ഏകജാലക ബോർഡിന്റെ ഉത്തരവിനെ LSGD File No. 2135/RA3/2010 dated 6-1-2011 പ്രകാരം സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കേരള സംസ്ഥാന ഏകജാലക ബോർഡിന്റെ 6-12-2010-ലെ ഉത്തരവിന്റെ നിയമസാധുത ചോദ്യം ചെയ്ത് തദ്ദേശ സ്വയംഭരണ വകുപ്പ് നിയമവകുപ്പിന് കൊടുത്ത പ്രകാരം നിയമവകുപ്പ് File No. 931/D3/2011 തീയതി 4-12-2011 പ്രകാരം തന്ന നിയമോപദേശം ഏകജാലക ബോർഡിന്റെ ഉത്തരവിനെ ശരിവച്ചുകൊണ്ടാണോ ; ഇതിന്റെ കോപ്പിയും, വിശദാംശങ്ങളും വെളിപ്പെടുത്തുമോ ;

(ഐ) ടി വർക്ക്ഷോപ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്തിനെ സംബന്ധിച്ച് 19-3-2010-ലെയും, 2-9-2010-ലെയും പാലാ ആർ.ഡി.ഒ.-യുടെ റിപ്പോർട്ട് എന്താണ് ; കോപ്പി ലഭ്യമാക്കി വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ജെ) ടി സ്ഥലത്തിനെ സംബന്ധിച്ച് 3-11-2010-ലെ പാലാ സബ് കളക്ടറുടെ റിപ്പോർട്ട് എന്താണ് ; വിശദാംശം വെളിപ്പെടുത്തുമോ ; കോപ്പി ലഭ്യമാക്കുമോ ;

(കെ) ടി സ്ഥലത്തിനെ സംബന്ധിച്ച് 18-9-2009-ലെയും 31-8-2010-ലെയും പാലാ അഗ്രികൾച്ചറൽ ഫീൽഡ് കൃഷി ആഫീസറുടെ റിപ്പോർട്ട് എന്താണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എൽ) സർക്കാരിന്റെ പരിഗണനയിലുള്ള ഫയലിൽ കേരള സംസ്ഥാന വ്യവസായ ഏകജാലക ബോർഡിന്റെ ഉത്തരവ് ഉള്ളതിനാലും, ടി ഉത്തരവിനെ സംസ്ഥാന നിയമവകുപ്പ് അനുകൂലിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 32/2011-ാം നമ്പർ റിട്ട് ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സ്റ്റാറ്റസ്കോ നിലനിർത്തേണ്ടതിനാൽ വർക്ഷോപ്പ് പ്രവർത്തനത്തിന് ലൈസൻസ് നൽകുവാൻ ഇപ്പോൾ നിർവാഹമില്ല. പ്രസ്തുത കെട്ടിടത്തിന്റെ ഉടമകൾ ഡോ. പ്രകാശ് മാത്യു, സണ്ണി മാത്യു, ബെന്നി മാത്യു, ഇലവും കുന്നേൽ, വെള്ളിയേപ്പള്ളി, പാലാ എന്നിവരാണ്.

(ബി) ഉണ്ട്. പെർമിറ്റിന്റെ പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഉണ്ട്. പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.* 5-1-2009-ൽ സി.3/11106/08/ഡി.ഡിസ്. പ്രകാരം 853.50 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള വർക്ഷോപ്പ് കെട്ടിട നിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായിനൽകിയ ലേ-ഔട്ട് അംഗീകാരത്തിൽ ഭേദഗതിവരുത്തി 1078.12 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് അംഗീകാരം നൽകിക്കൊണ്ടാണ് 16-3-2009-ൽ സി.3/1705/2009 ഡി.ഡിസ്. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

(ഡി) 32/2011-ാം നമ്പർ റിട്ട് ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സ്റ്റാറ്റസ്കോ നിലനിർത്തേണ്ടുന്നതിനാൽ വർക്ഷോപ്പ് പ്രവർത്തനത്തിന് ഇപ്പോൾ ലൈസൻസ് നൽകുവാൻ നിർവാഹമില്ല.

(ഇ) പരാമർശ വിധേയമായ സർവീസ് സ്റ്റേഷന് നിബന്ധനകൾക്കു വിധേയമായി പ്രവർത്തനാനുമതി നൽകികൊണ്ടാണ് 6-12-2010-ലെ 16437/ബി.3/2010/ഐ.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. പകർപ്പ് അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.* 32/2011-ാം നമ്പർ റിട്ട് ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സ്റ്റാറ്റസ്കോ നിലനിർത്തേണ്ടുന്നതിനാൽ ഏകജാലക ബോർഡിന്റെ ഉത്തരവനുസരിച്ചുള്ള നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടില്ല.

(എഫ്) 15-9-2010-ൽ കൂടിയ സബ് കമ്മിറ്റിയുടെ മിനിട്ട്സ് തയ്യാറാക്കി കാണുന്നില്ല. 4-11-2010-ൽ കൂടിയ സബ് കമ്മിറ്റിയുടെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധം IV ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.* 4-11-2010-ൽ കൂടിയ സബ് കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും, പാലാ മുനിസിപ്പൽ സെക്രട്ടറിയും പങ്കെടുത്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) വിഷയം സർക്കാർ പരിശോധിച്ച് തീരുമാനം അറിയിക്കുന്നതുവരെ 4-1-2010-ലെ സി.3/10684/2009/കെ.ഡിസ്. നമ്പരിലുള്ള ചീഫ് ടൗൺ പ്ലാനറുടെ കത്തിൽ അനുമതി നൽകിയതിനപ്പുറം യാതൊരു പ്രവർത്തനങ്ങളും അനുവദിക്കുവാൻ പാടില്ലായെന്നാണ് 6-1-2011-ലെ 2135/ആർ.എ.3/2010/തസ്വഭവ നമ്പർ സർക്കാർ കത്തിൽ നിർദ്ദേശം നൽകിയിരിക്കുന്നുത്.

(എച്ച്) അതെ. 14-1-2011-ലാണ് 931/ഡി.3/11/നിയമം പ്രകാരം നിയമ വകുപ്പ് ഉപദേശം നൽകിയിരിക്കുന്നത്. പകർപ്പ് അനുബന്ധം V ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഐ) പാലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 19-3-2010-ലെയും 2-9-2010-ലെയും റിപ്പോർട്ടുകളുടെ പകർപ്പുകൾ യഥാക്രമം, അനുബന്ധം VI, VII ആയി ഉള്ളടക്കം ചെയ്യുന്നു.*

(ജെ) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം VIII ആയി ഉള്ളടക്കം ചെയ്യുന്നു.*

(കെ) പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് യഥാക്രമം അനുബന്ധങ്ങൾ IX, X ആയി ഉള്ളടക്കം ചെയ്യുന്നു.*

(എൽ) ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ തീരുമാന മാകുന്ന മുറയ്ക്ക് അനന്തരനടപടി സ്വീകരിക്കാവുന്നതാണ്.

നഗരസഭാ ലൈബ്രറികളുടെ പ്രവർത്തനസമയം

149 (1619) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ലൈബ്രറികളുടെ പ്രവർത്തനസമയം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) നഗരസഭാ ലൈബ്രറികൾ രാവിലെ 8.30 മുതൽ വൈകുന്നേരം 7.30 വരെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദീർഘസമയം സേവനമനുഷ്ഠിക്കുന്ന നഗരസഭാ ലൈബ്രേറി യന്മാർക്ക് പ്രത്യേകം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടു ത്തുമോ ;

(ഡി) എട്ടാം ശമ്പളക്കമ്മീഷനിൽ 10 മണി മുതൽ 5 മണി വരെ സേവനമനുഷ്ഠിക്കുന്ന യു.ഡി. ക്ലാർക്കിനും രാവിലെ 8.30 മുതൽ വൈകുന്നേരം 7.30 വരെ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയൻ ഗ്രേഡ്-IV-നും ഒരേ ശമ്പളസ്കെയിൽ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഒമ്പതാം ശമ്പളക്കമ്മീഷൻ ശിപാർശയിൽ യു.ഡി. ക്ലാർക്കിന് സമാനമായ ശമ്പളസ്കെയിൽ ലൈബ്രേറിയൻ-IV-ന് നൽകാത്തത് ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുപരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly